(ഡി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പി.-യെയും, ഡി.പി.ആർ.-കൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി.പി.ആർ.-കൾക്ക് അന്തിമ അംഗീകാരം നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ ഇതിനകം എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

ചക്കയുടെ ശേഖരണ സംസ്കരണ വിപണന രംഗത്തെ പദ്ധതികൾ

19 (*139) ശ്രീ. വി. എം. ഉമ്മർമാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൽപ്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ പ്രധാനമായ ചക്കയുടെ ശേഖരണ സംസ്കരണ വിപണന രംഗത്ത് കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും എന്തൊക്കെ സഹായങ്ങളാണ് ഇതിനായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രതിവർഷ ശരാശരി ചക്ക ഉൽപാദനത്തെയും ഉപയോഗത്തെയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രാദേശിക ഭക്ഷ്യ വിഭവമെന്നതിലുപരി, മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ ഇതിന് പ്രാധാന്യം നൽകി ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2012-13 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ 'മൂല്യവർദ്ധനവ്' പദ്ധതിപ്രകാരം പത്തനംതിട്ട ജില്ലയിലെ ഭാരതീയ കാർഷിക ഗവേഷണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിന്റെ കൃഷി വിജ്ഞാന കേന്ദ്രം മുഖാന്തിരം 'ചക്കയുടെ പ്രാഥമിക സംസ്കരണ-ഉല്പന്ന നിർമ്മാണ കേന്ദ്രം' സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിലെ കർഷകരെയും ചക്ക സംസ്കരണവുമായി ബന്ധപ്പെട്ട സംരംഭകരെയും പ്രോജക്ടിൽ ഉൾപ്പെടുത്തി പരിശീലനം നൽകുകയും തെരഞ്ഞെടുക്കുന്ന കൃഷിയിടങ്ങളിൽ ശാസ്ത്രീയമായ പരിചരണം നൽകിക്കൊണ്ട് ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ചക്കയുടെ വിവിധ ഘട്ടങ്ങളിൽ (ഇടിച്ചക്ക മുതൽ ചക്കപ്പഴം വരെ) നിർജ്ജലീകരണം നടത്തി ദീർഘകാലം സൂക്ഷിക്കുന്നതിനാവശ്യമായ ഡ്രൈയറും പായ്ക്കിംഗ് മെഷീനും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ജൈവകൃഷി രീതി അവലംബിക്കുന്നവർക്ക് മാതൃക എന്ന നിലയിൽ ജൈവ സർട്ടിഫിക്കേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രാഥമിക സംസ്കരണം വഴി, സുലഭമായ കാലത്ത് ചക്ക ഉണക്കി സൂക്ഷിക്കുകയും ഇവ ഉപയോഗിച്ച് വർഷം മുഴുവൻ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ ഉപയോഗപ്പെടുത്താവുന്നതുമായ നിർമ്മാണ രീതികളുടെ സാങ്കേതിക പരിശീലനങ്ങൾ നൽകിവരുന്നു. സംരംഭകർക്ക് ഉല്പന്ന വിപണനത്തിനാവശ്യമായ നിർദ്ദേശങ്ങളും അനുബന്ധ പരിപാടികളും നടപ്പിലാക്കി വരുന്നു.

ധനകാര്യ സ്ഥാപനങ്ങളിൽനിനിന്നുള്ള വായ്പയുപയോഗിച്ച് ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25 ശതമാനം (പരമാവധി 10 ലക്ഷം രൂപ) കൃഷി വകുപ്പ് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേന നിലവിൽ സഹായമായി നൽകുന്നു.

കൂടാതെ ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളെയും സംരംഭങ്ങളെയും സംബന്ധിച്ച അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്കും എസ്.എഫ്.എ.സി. വഴി സഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെടുന്ന പ്രധാനപ്പെട്ട എക്സിബിഷനുകളിലും വിപണനമേളകളിലും ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും എസ്.എഫ്.എ.സി.-യുടെ പ്രദർശന സ്റ്റാളുകളിൽ അവസരം നൽകുന്നുണ്ട്.

(ബി) പ്രതിവർഷം ശരാശരി ചക്ക ഉല്പാദനത്തെ സംബന്ധിച്ച വിവരശേഖരണം നടത്തുന്നുണ്ട്. കൃഷി വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ശേഖരിച്ച കണക്കുകൾ പ്രകാരം 2013-14 വർഷത്തിലെ ചക്ക ഉല്പാദനം 294 മില്യൺ എണ്ണമാണ്.

852/2017.

(സി) പ്രാദേശിക ഭക്ഷ്യ വിഭവമെന്നതിലുപരി മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ പ്രാധാന്യം നൽകി ചക്ക ഉപയുക്തമാക്കുന്നതിന് പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചക്കയുടെ പ്രാഥമിക സംസ്കരണം വഴി, സുലഭമായ കാലത്ത് ചക്ക ഉണക്കി സൂക്ഷിക്കുകയും ഇവ ഉപയോഗിച്ച് വർഷം മുഴുവൻ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ ഉപയോഗപ്പെടുത്താവുന്നതുമായ നിർമ്മാണ രീതികളുടെ സാങ്കേതിക പരിശീലനങ്ങൾ നൽകിവരുന്നു. തുടർന്ന് സംരംഭകർക്ക് ഉല്പന്ന വിപണനത്തിനാവശ്യമായ നിർദ്ദേശങ്ങളും അനുബന്ധ പരിപാടികളും നടപ്പിലാക്കിവരുന്നു.

ബില്ലിംഗ് സിസ്റ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

20 (*140) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുസൃതമായ ഫണ്ട് വിനിയോഗം ഉറപ്പാക്കുമെന്ന് 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ ;

(സി) ബില്ലിംഗ് സിസ്റ്റം ഇതിന് അനുസരിച്ചുള്ളതാണോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് ട്രഷറി നിയന്ത്രണങ്ങൾക്ക് വിധേയമാക്കുന്നതും അവയെ ഇതര സർക്കാർ വകുപ്പുകളെപ്പോലെ ആക്കുന്നതും അവയുടെ സ്വയംഭരണ പദവിയെ എങ്ങനെയാണ് ബാധിക്കുന്നത് ; ഇതിന് ഒരു മാറ്റം വരുത്താൻ തയ്യാറാകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഈ സാമ്പത്തിക വർഷാരംഭം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സംസ്ഥാന ബജറ്റ് വിഹിതം നേരിട്ടു സംസ്ഥാന സഞ്ചിത

LIBRARY ARCHIVES Kerala Legislative Assembly